DESPATCHED
On 5/2/22

10/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 45*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **118**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.ആർ.ബാലചന്ദ്രൻ,
കൊല്ലാടി വീട്,
കയ്പിള്ളി പി.ഒ.,
അരിമ്പൂർ, തൃശ്ശൂർ ജില്ല,
പിൻ – 680 620.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
അരിമ്പൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
അരിമ്പൂർ പി.ഒ., തൃശ്ശൂർ – 680 620.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.09.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.09.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.10.2013, 30.11.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.01.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.01.2014 |
| ഹിയറിംഗ് നടന്ന തീയതി | 05.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.ബി.ബാലചന്ദ്രൻ, 01.01.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 03.01.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.45(7)/14/SIC ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് ശരിയായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 04.09.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, അരിമ്പൂർ പഞ്ചായത്ത് വാർഡ് XIIIൽ നമ്പോർക്കാവ് ക്ഷേത്ര പരിസരത്ത് നിർമ്മിച്ചിട്ടുള്ള ശ്രീദേവി ഓഡിറ്റോറിയത്തിന്റെ ഉടമയുടെ പേര്, ടിയാന്റെ അച്ഛന്റെ/അമ്മയുടെ പേര്, വീട്ടുപേര്, തപാൽ, ആഡിറ്റോറിയത്തിന്റെ ഫ്ളോർ വിസ്തീർണ്ണം, കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ സർവ്വെ നമ്പരും വിസ്തീർണ്ണവും ഭൂമിയുടെ തരം, കര/നിലം, കെട്ടിടത്തിനു നൽകിയ unauthorised NOC അനുമതിയുടെ ശരിപ്പകർപ്പ്, അനുമതി എത്ര കാലത്തേയ്ക്ക്, നിബന്ധനകൾ വച്ചിട്ടുണ്ടോയെന്നു തുടങ്ങി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 23.09.2013ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ തൃപ്തനാകാതെ 22.10.2013ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 29.10.2013ന് നൽകിയ മറുപടിയിൽ രഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ ടി ഓഫീസിൽ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പുകൽപ്പിക്കുന്നതിനായി 21.11.2013ന് രാവിലെ 11 മണിക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചേമ്പറിൽ വച്ച് ഹർജിക്കാരനേയും അരിമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേൾക്കുന്നതിന് നിശ്ചയിച്ചതായി അറിയിച്ചുവെന്നാണ്. പ്രസ്തുത ഹിയറിംഗിൽ എസ്.പി. ഐ.ഒ.യും ഹർജിക്കാരനു വേണ്ടി ടിയാന്റെ സഹോദരനും ഹാജരായിരുന്നുവെന്നും ഹർജിക്കാരൻ 04.09.2019ൽ സമർപ്പിച്ച അപേക്ഷയ്ക്ക് 23.09.2013ന്

നൽകിയ മറുപടി തൃപ്തികരമല്ല എന്നാണ് ഹർജിക്കാരനുവേണ്ടി ഹാജരായ ടിയാന്റെ സഹോദരൻ ബോധിപ്പിച്ചതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് 9 വിവരങ്ങൾ ആവശ്യപ്പെട്ടതിൽ 1, 5, 7, 9 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്നും ഒന്നാം ഇനത്തിന് ഉടമയുടെ ഔദ്യോഗിക വിലാസമല്ല ആവശ്യപ്പെട്ടതെന്നും 5-ാം ഇനത്തിന് പ്രസ്തുത കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം എത്രയാണെന്ന് അറിയിച്ചിട്ടില്ലെന്നും ക്രമനമ്പർ 7ന് പ്രസ്തുത ഭൂമിയുടെ തരം രേഖപ്പെടുത്തിയത് അറിയിക്കണം എന്നും 9-ാം ഇനത്തിന് താൽക്കാലിക നമ്പരാണ് അനുവദിച്ചിട്ടുള്ളതെങ്കിൽ ആയത് എത്ര കാലത്തേയ്ക്കാണ് എന്നുമുള്ള വിവരം ടി ക്രമത്തിൽ തന്നെ ലഭ്യമാക്കണമെന്നും ടിയാൻ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപ്പീൽ ഹർജിയോടൊപ്പം ടിയാൻ സമർപ്പിച്ച അപേക്ഷയുടെയും ആയതിന് ലഭിച്ച മറുപടിയുടെയും പകർപ്പുകൾ ഹാജരാക്കിയിരുന്നില്ലെന്നും എസ്.പി.ഐ.ഒ. ഹാജരായി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിൽ പ്രസ്തുത പകർപ്പുകൾ കൂടി ഹാജരാക്കിയെന്നും ടിയാന്റെ അപേക്ഷയിലെ 9 ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും കൂടുതൽ എന്തെങ്കിലും വിവരം നൽകേണ്ടതുണ്ടെങ്കിൽ അപ്പീൽ അധികാരിയുടെ നിർദ്ദേശാനുസരണം ലഭ്യമാക്കാമെന്നുമാണ് അറിയിച്ചത്. എസ്.പി.ഐ.ഒ.ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 1, 5, 7, 9 എന്നീ ചോദ്യങ്ങൾക്കാണ് ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്നതെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിക്കുന്ന ഓഡിറ്റോറിയത്തിന്റെ ഉടമയുടെപേരാണ് ആവശ്യപ്പെട്ടതെന്നും ആയതിന് ടി വ്യക്തിയുടെ പേര്, മേൽവിലാസവും മറുപടിയിൽ നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരത്തേക്കാൾ കൂടുതൽ വിവരങ്ങൾ എസ്.പി.ഐ.ഒ. നൽകിയിട്ടുണ്ടെന്നും എങ്കിലും ആയത് തൃപ്തികരമാണെന്ന് അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നുമാണ്. കൂടാതെ പ്രസ്തുത ഓഡിറ്റോറിയത്തിന്റെ തറ വിസ്തീർണ്ണമാണ് 5-ാം ഇനത്തിൽ ഉന്നയിച്ചിരിക്കുന്നതെന്നും ആയതിന് ബാധകമല്ല എന്ന മറുപടിയാണ് എസ്.പി.ഐ.ഒ. നൽകിയിട്ടുള്ളതെന്നും ആയത് എന്തുകൊണ്ട് ബാധകമല്ലാത്തത് എന്ന് മറുപടിയിൽ വ്യക്തമല്ലെന്നും 7-ാം ഇനത്തിനും ബാധകമല്ല എന്ന മറുപടി എന്തുകൊണ്ടെന്ന് വ്യക്തമായിട്ടില്ലെന്നും 9-ാം ഇനത്തിന് വിവരാവകാശ നിയമത്തിന്റെ പരിധി

യിൽ വരുന്നില്ല എന്ന് അപ്പീൽ അധികാരി നിരീക്ഷിക്കുകയും എങ്കിലും ആയതിന് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുണ്ടന്നുമാണ്. ടി സാഹചര്യ ത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമം അനുസരിച്ചുള്ള അപേക്ഷയിലെ 5, 7 എന്നീ നമ്പർ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ടി ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം നൽകുന്നതിന് എസ്.പി.ഐ. ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജി ക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യത്തിന് മതിയായ മറുപടി മാത്രം നൽകണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെ ന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചിൽ, ഹർജിക്കാരന്റെ അപേ ക്ഷയിലെ ഒന്നാമത്തെ ചോദ്യമായ ഉടമയുടെ പേരു മാത്രം നൽകണ മെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10-ാം തീയതി കമ്മീഷൻ ഇപ്രകാരം ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM